പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3107 — 22/6/2012-ൽ മറുപടിയ്ക്ക്

## ഗ്രാമപഞ്ചായത്തുകളിൽ വിവിധ ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നിലവിൽ ഗ്രാമപഞ്ചായത്തുതലത്തിൽ സർക്കാരിന്റെ ഭവന പദ്ധതികൾ തുടരുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കുമോ ; | (എ) ഇ.എം.എസ് ഭവന പദ്ധതി കാലാവധി 31/3/12-ന് അവസാനിച്ചുവെങ്കിലും അതിനു മുമ്പായി കരാർ ഒപ്പിട്ട മുഴുവൻ ഗുണഭോക്താക്കൾക്കും വായ്പ ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ ആനുകൂല്യം തുടരുന്നതാണ്. |
| (ബി) ഇ.എം.എസ് ഭവന പദ്ധതി തുടരുന്നില്ലെങ്കിൽ ദുർബല വിഭാഗങ്ങൾക്ക് ഭവനം നിർമ്മിച്ച് നൽകുന്ന മറ്റ് പദ്ധതികൾ തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) ദുർബല വിഭാഗങ്ങൾക്ക് ഭവനം നിർമ്മിച്ച് നൽകുന്ന മറ്റ് പദ്ധതികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ തുടങ്ങിയിട്ടില്ല. |
| (സി) ഇ.എം.എസ് ഭവന പദ്ധതിയിൽ 2011-12 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് പണി പൂർത്തിയാക്കാത്തവർക്ക് ഇനി പണി പൂർത്തിയാക്കിയാൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുമോ; അതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 31/3/2012-വരെ എഗ്രിമെന്റ് വച്ചതിൽ 15/9/2011-ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് പുതുക്കിയ നിരക്കിലുള്ള മുഴുവൻ തുകയും 15/9/2011-ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവും ബാധകമാക്കി 27/2/2012-ലെ സ.ഉ (എം.എസ്)52/2012/ തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഐ.എ.വൈ പദ്ധതിയിൽ ജനറൽ, എസ്.സി, എസ്.ടി എന്നി വിഭാഗക്കാർക്ക് യഥാക്രമം 2 ലക്ഷം രൂപയും 2.5 ലക്ഷം രൂപയും നൽകുമ്പോൾ ഇ.എം.എസ് ഭവന പദ്ധതിയിൽ കരാർ ഏർപ്പെട്ടവർക്ക് യഥാക്രമം 75,000/- രൂപ 1 ലക്ഷം രൂപ എന്നിങ്ങനെയാണ് നൽകിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി & ഇ) | ഐ.എ.വൈ ഭവന പദ്ധതിയ്ക്കും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കും അനുവദിച്ചിട്ടുള്ള വർദ്ധിപ്പിച്ച നിരക്ക് ഇ.എം.എസ് ഭവന പദ്ധതിയ്ക്കും ബാധകമാക്കി (ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 200000/- രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 250000/- രൂപയും) 15/9/2011-മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. 31/3/2012-വരെ എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളിൽ 15/9/2011-ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് പുതുക്കിയ നിരക്കിലുള്ള മുഴുവൻ തുകയും 15/9/2011-ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവും ബാധകമാക്കിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ എല്ലാ വിഭാഗം പദ്ധതിയിൽപ്പെട്ടവർക്കും ഒരേ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ഭവനനിർമ്മാണ പദ്ധതി– ധനസഹായ തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(എം.എസ്) നം: 52/2012/തസ്വഭവ          തിരുവനന്തപുരം, തീയതി: 27/2/2012

---

പരാമർശം:-
1. 24/07/2007-ലെ സ.ഉ (എം.എസ്) നമ്പർ 183/2007/തസ്വഭവ
2. 04/10/2007-ലെ സ.ഉ (സാധാ) നമ്പർ 2712/2007/തസ്വഭവ
3. 06/2/2008-ലെ സ.ഉ (എം.എസ്) നമ്പർ 34/2008/തസ്വഭവ
4. 11/7/2008-ലെ സ.ഉ (എം.എസ്) നമ്പർ 189/2008/തസ്വഭവ
5. 18/08/2008-ലെ സ.ഉ (എം.എസ്) നമ്പർ 226/2008/തസ്വഭവ
6. 11/11/2008-ലെ സ.ഉ (സാധാ) നമ്പർ 3858/2008/തസ്വഭവ
7. 01/01/2009-ലെ സർക്കുലർ നമ്പർ 192/ഡിബി1/2009/തസ്വഭവ
8. 11/6/2009-ലെ സർക്കുലർ നമ്പർ 78573/ഡിബി1/08/തസ്വഭവ
9. 13/07/2009-ലെ സ.ഉ (എം.എസ്) നമ്പർ 52/2009/പജ.പവ.വിവ
10. 29/7/2009-ലെ സ.ഉ (എം.എസ്) നമ്പർ 146/2009/തസ്വഭവ
11. 07/11/2009-ലെ സ.ഉ (എം.എസ്) നമ്പർ 207/2009/തസ്വഭവ
12. 15/09/2011-ലെ സ.ഉ (കൈ.)നമ്പർ 93/11/പജ.പവ.വിവ
13. 02/01/2012-ലെ സ.ഉ (കൈ) നമ്പർ 2/12/തസ്വഭവ
14. 04/01/2012-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിലെ തീരുമാനം.
15. 19/1/12-ലെ സ.ഉ (എം.എസ്) നം.15/2012/തസ്വഭവ
16. 15/2/12-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തീരുമാനം.

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ നിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് പട്ടികജാതി വിഭാഗത്തിന് 2,00,000/- (രണ്ടു ലക്ഷം ) രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/- (രണ്ടു ലക്ഷത്തി അമ്പതിനായിരം) രൂപയായും 15/9/2011-മുതൽ പ്രാബല്യം നൽകി വർദ്ധിപ്പിക്കുന്നതിന് പരാമർശം (15) പ്രകാരം ഉത്തരവായിരുന്നു.

1/4/2011-ന് ശേഷം എഗ്രിമെന്റ് വച്ച എല്ലാ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കും യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗത്തിന് 2 ലക്ഷവും എസ്.സി വിഭാഗത്തിന് 2 ലക്ഷവും എസ്.ടി വിഭാഗത്തിന് 2.50 ലക്ഷവുമായി നിശ്ചയിക്കുന്നതിന് പരാമർശം 16 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(..... 2)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കും പദ്ധതി വിഹിതത്തിൽ നിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000/- (രണ്ടു ലക്ഷം) രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/- (രണ്ടു ലക്ഷത്തി അൻപതിനായിരം) രൂപയായും വർദ്ധിപ്പിച്ച് 15/09/2011-മുതൽ പ്രാബല്യം നൽകി ഉത്തരവാകുന്നു. 15/9/11-ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് മുഴുവൻ തുകയും 15/9/2011-ന് മുമ്പ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവുമായിരിക്കും ബാധകമാകുന്നത്.

പരാമർശം (18)-ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്തതായി കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
സ്പെ. പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ മാർക്കും
7. പ്രിൻസിപ്പൽ സെക്രട്ടറി, നഗരകാര്യ വകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്
9. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
11. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14. മുഖ്യ നഗരാസൂത്രകൻ
15. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
16. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്
17. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ.
18. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
19. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും

True Copy
[signature]
Section Officer